

# ബൈബിൾ എന്നെ ഇസ്‌ലാമിലേക്ക് നയിച്ചതെങ്ങനെ?

**അബ്ദുൽ മലിക് ലി ബ്ലാങ്ക്**

**വിവ. ഇബ്നു ഹാഷിം**

**ബൈബിളിന്റെ താളുകളിലൂടെ ഇസ്‌ലാമിനെ കണ്ടെത്തിയതെങ്ങനെ എന്ന് അബ്ദുൽ മലിക് ലി ബ്ലാങ്ക് വിശദമാക്കുന്നു:**

എന്റെ ക്രൈസ്തവ കാലഘട്ടത്തിൽ ബൈബിളിലെ ഒട്ടേറെ വചനങ്ങൾ എന്നെ ഞാൻ പിൻപറ്റിയിരുന്ന മതത്തെ (ക്രൈസ്തവതയെ) ചോദ്യം ചെയ്യുമാറാക്കി. തെസ്സലോനികൃർക്കെഴുതിയ ഒന്നാം ലേഖനത്തിലെ 5:17 വചനം വിശേഷിച്ചും എന്റെ മനസ്സിൽ പറ്റിക്കിടക്കിടന്നു. അത് ഇങ്ങനെ വായിക്കാം: "ഇടവിടാതെ പ്രാർഥിപ്പിൻ". ഒരു വ്യക്തിക്ക് (ക്രിസ്ത്യാനിക്ക്) എങ്ങനെയാണ് സദാ പ്രാർത്ഥനാവസ്ഥയിൽ (ആരാധനാവസ്ഥയിൽ) തുടരാൻ കഴിയുക എന്ന് ഞാൻ പലപ്പോഴും അത്ഭുതം കൂറാറുണ്ട്. ബൈബിളിന്റെയോ മറ്റേതെങ്കിലും ദൈവിക മാർഗദർശനങ്ങളുടെയോ അവലംബമില്ലാതെ തന്നെ ഇതിന്റെ ഏക സാധ്യതയെ എനിക്ക് മനസ്സിലായത് എല്ലായ്പോഴും സൽക്കർമ്മങ്ങൾ ചെയ്യുകയും നാക്കിലും ഹൃദയത്തിലും ദൈവസ്മരണ നിലനിർത്തുകയും ചെയ്യുക എന്നുമാണ്.

ഏതായാലും ഒരു മനുഷ്യൻ എന്ന നിലക്ക് ഇത് അസാധ്യമായ ഒന്നായി എനിക്ക് തോന്നി. എന്നാൽ 1987 ൽ ഇസ്‌ലാമിനെ പരിചയപ്പെട്ടപ്പോൾ ഇത്തരമൊരു ജീവിതക്രമത്തെക്കുറിച്ച് കൂടുതൽ വായിക്കാനും പഠിക്കാനും തുടങ്ങി. ഇസ്‌ലാം ദൈവത്തിൽ (അല്ലാഹു) നിന്നും മുഹമ്മദ്നബി (ﷺ)യിൽ നിന്നും ഒരു മനുഷ്യന് നിർബാധം പ്രാർഥനാവസ്ഥയിൽ (ആരാധനാവസ്ഥയിൽ)- അത് ദൈവിക നിശ്ചയപ്രകാരമെങ്കിൽ- തുടരാൻ കഴിയുന്ന ദൈവികമാർഗദർശനം നൽകുന്നുവെന്നെനിക്ക് മനസ്സിലായി

ഉറക്കമുണരുമ്പോൾ, ആഹരിക്കുമ്പോൾ, ഉറങ്ങുമ്പോൾ, വസ്ത്രം ധരിക്കുമ്പോൾ, ഒരു സ്ത്രീയുടെ സാന്നിദ്ധ്യത്തിലാകുമ്പോൾ, ഒരു സ്ത്രീയെ നിരീക്ഷിക്കുമ്പോൾ, കടയിൽ പോകുമ്പോൾ, കുളിമുറിയിൽ പോകുമ്പോൾ, കണ്ണാടി നോക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ, രോഗിയെ സന്ദർശിക്കുമ്പോൾ, മതപരമല്ലാത്ത ഒരു യോഗത്തിൽ പങ്കെടുക്കുമ്പോൾ, കുളിക്കുമ്പോൾ, നഖം മുറിക്കുമ്പോൾ, തുമ്മുമ്പോൾ, ഭാര്യയുമായി വേഴ്ചയിലേർപ്പെടുമ്പോൾ, കോട്ടുവായിടുമ്പോൾ, ആളുകളെ അഭിസംബോധന ചെയ്യുമ്പോൾ, അഥിതികളെ സ്വീകരിക്കുമ്പോൾ, നടക്കുമ്പോൾ, വ്യായാമം ചെയ്യുമ്പോൾ, യുദ്ധം ചെയ്യുമ്പോൾ, അന്യന്റെ വീട് സന്ദർശിക്കുമ്പോൾ, പ്രാർഥിക്കുമ്പോൾ അങ്ങനെ പല കാര്യങ്ങളിലും ഏർപ്പെടുമ്പോഴെല്ലാം അതിൽ എനിക്ക് തെസോനികൃർക്കുള്ള ഒന്നാം ലേഖനത്തിലെ 5:17 അനുവർത്തിക്കാനു

ള്ള മാർഗനിർദ്ദേശം ഇസ്‌ലാമിലുണ്ട്. അതിനുള്ള വഴികൾ പരിശുദ്ധ ഖുർആനിലും മുഹമ്മദ് നബി (ﷺ)യുടെ പ്രവർത്തനങ്ങളിലും അധ്യാപനങ്ങളിലുമുണ്ട്. അതിലുപരിയായി, അതെനിക്ക് ആത്മശാന്തി പകർന്നു നൽകുകയും യഥാർഥദൈവവും ഏകാരാധ്യനുമായ അല്ലാഹുവിന് ആത്മസമർപ്പണം ചെയ്യുന്നതിന് എന്നെ പ്രാപ്തനാക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ ഈ ദൈവിക മാർഗദർശനം എന്നെ സ്വകടമകളെക്കുറിച്ചും, ഉത്തരവാദിത്തങ്ങളെക്കുറിച്ചും ബോധവാനാക്കുകയും, എന്റെ സ്രഷ്ടാവായ അല്ലാഹുവോടുള്ള ജന്മാവകാശങ്ങൾ പഠിപ്പിക്കുകയും ചെയ്തു. മാത്രമല്ല ക്രിസ്തുമതത്തെക്കുറിച്ചും അത് എന്നെ ഒട്ടേറെ കാര്യങ്ങൾ പഠിപ്പിച്ചു. ഒരു മുസ്‌ലിം എന്ന നിലക്ക് (അല്ലാഹുവിന്റെ അനുമതിയോടെ) ബൈബിൾ എങ്ങനെ എന്നെ ഇസ്‌ലാമിലേക്ക് നയിച്ചു എന്നത് നിങ്ങളുമായി പങ്കുവെക്കൽ അത്യന്താപേക്ഷിതമായ ഒന്നായി ഞാൻ മനസ്സിലാക്കുന്നു. ക്രിസ്തുമതം പോലെ തോറയുടെ (പഴയ നിയമം) ചരിത്രത്തിലൊരിക്കലും ദൈവികമതം ഒരു പ്രവാചകന്റെ പേരോടുകൂടി നാമകരണം ചെയ്യപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. (അതായത് ആദം മതം, അബ്രഹാം മതം, മോശ മതം എന്നിങ്ങനെ). എല്ലാ പ്രകീർത്തനങ്ങളും ആരാധനകളും ഏകനായ ദൈവത്തിനു മാത്രമാണ് എന്നല്ലാതെ യേശു, ക്രിസ്തുമതം പ്രചരിപ്പിച്ചിട്ടില്ല എന്ന് വിശദമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ക്രൈസ്തവതയെ വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ (രണ്ടാമതും) ഞാൻ സ്വയം ചോദിച്ച ചോദ്യങ്ങളിലൊന്ന് ക്രിസ്തുമതം എന്ന പേര് എവിടെ നിന്നുടലെടുത്തു, ക്രിസ്തു എപ്പോഴെങ്കിലും ആ പദം ഉച്ചരിച്ചിരുന്നുവോ എന്നായിരുന്നു. ബൈബിളിലോ ബൈബിൾ നിഘണ്ടുവിൽ പോലുമോ എനിക്ക് ക്രിസ്തുമതം എന്ന വാക്ക് കാണാൻ കഴിഞ്ഞില്ല. ക്രിസ്തു സ്വയം ഒരു ക്രിസ്ത്യാനിയായി പരിചയപ്പെടുത്തുന്നത് വിശേഷിച്ചും ബൈബിളിൽ ഞാൻ കണ്ടില്ല. യേശുവിന്റെ അനുധാവകരെ വിശേഷിപ്പിക്കാൻ വിജാതീയനായ ഒരു വിഗ്രഹാരാധകനാണ് ആദ്യമായി ക്രൈസ്തവൻ എന്ന പദം പ്രയോഗിച്ചത്. ഈ പദം പുതിയ നിയമത്തിൽ മൂന്നിടത്തായി ആന്തിയോക്കിയിൽ വച്ച് AD 43 ൽ ക്രിസ്തുവിന്റെ തിരോധാന ശേഷം ദീർഘകാലം കഴിഞ്ഞ് ഒരു ബഹുദൈവാരാധകൻ ഒരു ജൂതനുമായുള്ള സംഭാഷണത്തിൽ പറയുന്നതു കാണാം (അപ്പോസ്തല പ്രവൃത്തികൾ 11:26, 26: 28, 1 പത്രോസ് 4: 16). ബഹുദൈവാരാധകരുടെ വാക്കുകൾ വിലപ്പെട്ടതായി അംഗീകരിക്കുകയോ അതിനെ ദൈവികതയുമായി ബന്ധിപ്പിക്കുകയോ ചെയ്യുന്നത് ദൈവത്തിന്റെയും യേശുവിന്റെയും എല്ലാ പ്രവാചകരുടെയും അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

**1987ൽ ഇസ്‌ലാമിനെ പരിചയപ്പെട്ടപ്പോൾ ഇത്തരമൊരു ജീവിതക്രമത്തെക്കുറിച്ച് കൂടുതൽ വായിക്കാനും പഠിക്കാനും തുടങ്ങി. ഇസ്‌ലാം ദൈവത്തിൽ (അല്ലാഹു) നിന്നും മുഹമ്മദ്നബി (ﷺ)യിൽ നിന്നും ഒരു മനുഷ്യന് നിർബാധം പ്രാർഥനാവസ്ഥയിൽ (ആരാധനാവസ്ഥയിൽ)- അത് ദൈവിക നിശ്ചയപ്രകാരമെങ്കിൽ- തുടരാൻ കഴിയുന്ന ദൈവികമാർഗദർശനം നൽകുന്നുവെന്നെനിക്ക് മനസ്സിലായി**

ആളുകളുടെ തത്വശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നതും തന്നെ ആരാധിക്കുന്നതും ആളുകൾ ചെയ്യുന്ന ഉപകാരശൂന്യമായ പ്രവൃത്തി ആയിട്ടാണ് യേശു പഠിപ്പിച്ചിട്ടുള്ളത്. മത്തായിയുടെ സുവിശേഷം 15:9 ൽ പറയുന്നു: “മാനുഷികങ്ങളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർഥമായി ഭജിക്കുന്നു. “മത്തായി 15:9ലെ ഈ വചനങ്ങൾ ഖുർആനിലെ വചനങ്ങളാൽ ബലപ്പെടുത്തപ്പെടുന്നു. (അൽമാഇദ 116 – 117)

യോഹന്നാൻ 5:30, 12:49, യെശയ്യാ 42:8 അപ്പോസ്തല പ്ര:2:22 എന്നീ ബൈബിൾ വചനങ്ങൾ ഉപരിസൂചിത ഖുർആനിക സൂക്തങ്ങളെ അനുകൂലിക്കുന്നതായി ഞാൻ കണ്ടു.

ക്രിസ്തുമതം എന്ന വിഷയം വിടുന്നതിന് മുൻപ് എനിക്ക് ഒരു നിരീക്ഷണം കൂടി പരാമർശിക്കേണ്ടതുണ്ട്. ക്രിസ്ത്യാനികൾ ക്രിസ്തുവെപ്പോലെയാണെങ്കിൽ അവരെന്തുകൊണ്ട് യേശു ചെയ്തതുപോലെ (ലൂക്കോ:24:36) പരസ്പരം നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ (അസ്സലാമു അലൈക്കും)എന്ന ശുഭാശംസാവചനം കൈമാറുന്നില്ല? നിങ്ങൾക്കൊരുപക്ഷേ അറിയാവുന്നതുപോലെ ഒരു മുസ്‌ലിമിന്റെ മറ്റൊരു മുസ്‌ലിമിനോടുള്ള അഭിവാദ്യം ക്രിസ്തുവിന്റേതുപോലെ അസ്സലാമു അലൈക്കും എന്നാണ്.

**വിവിധ സത്യവേദ പുസ്തകങ്ങൾ**


മുകളിൽ നൽകിയ ബൈബിൾ സൂക്തങ്ങൾ ഒരു പക്ഷേ നിങ്ങൾ ഉപയോഗിക്കുന്ന ബൈബിളിലേതിന് കൃത്യമായിക്കൊള്ളണമെന്നില്ല എന്ന കാര്യം അറിയിക്കുന്നത് ഗുണകരമാകുമെന്ന് കരുതുന്നു. മാർക്കറ്റിൽ വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾ ഉപയോഗിക്കുന്ന വ്യത്യസ്ത ഇനം ബൈബിൾ നിലവിലുണ്ട്. ഈ വ്യത്യസ്തത നിലനിർത്തിക്കൊണ്ടുതന്നെ ഇവരെല്ലാവരും തങ്ങളുടെ ബൈബിൾ ആണ് ദൈവിക വചനം എന്ന് പറയുകയും ചെയ്യുന്നു. The Revised Standard Version 1952 & 1971 , New American Standard Bible, The Holy Bible; New International Version, the Living Bible, New World Translation of the Holy Scriptures used by Jehovah Witnesses, Roman Catholic Version, the King James Version എന്നിവയെല്ലാം അത്തരം ബൈബിളുകളാണ്. ഈ ബൈബിളുകളിലൊന്നും തന്നെ പുതിയ നിയമം (New Testament) എന്ന് സ്വയം പരിചയപ്പെടുത്തുന്നതായോ പഴയനിയമം (Old ? Testament) അങ്ങനെ സ്വയം വിശേഷിപ്പിക്കുന്നതായോ എവിടെയും എനിക്ക് കാണാൻ കഴിഞ്ഞില്ല. ‘ബൈബിൾ’ എന്ന വാക്കുതന്നെയും ബൈബിളിലെ താളുകൾക്ക് അജ്ഞാതമാണ്.

വിവിധ ക്രിസ്തീയ വിഭാഗങ്ങൾ ഉണ്ടെന്നതിനു പുറമെ ഈ വിഭാഗങ്ങൾ ഉണ്ടാക്കിയവരായ പ്രവാചകരല്ലാത്ത അനേകം വ്യക്തികൾ ബൈബിളിന്റെ വിവിധങ്ങളായ വ്യാഖ്യാനങ്ങളും അവരുടെ വിശ്വാസപ്രകാരമുള്ള മനുഷ്യ നിർമിതമായ ആശയങ്ങളും ഉപയോഗിച്ചു വരുന്നതായും ഞാൻ മനസ്സിലാക്കി.

ദൈവികവചനമെന്ന് പറയപ്പെടുന്ന ബൈബിളിനെ സംബന്ധിച്ച് നിങ്ങൾ ഇനിയും വായിക്കുകയോ മനസ്സിലാക്കുക

നെൽസൺ ബൈബിൽ ഡിക്ഷ്ണറിയിൽ ഈസ്റ്റർ (അപ്പോസ്തല പ്രവൃത്തികൾ 12: 4 ൽ പറയുന്ന ഈസ്റ്റർ) എന്ന പദത്തിന്റെ അർത്ഥം നോക്കിയപ്പോൾ "Pass over" എന്നർത്ഥമുള്ള "paashcha" എന്ന ഗ്രീക്ക് പദത്തിന്റെ തെറ്റായ മൊഴിമാറ്റമാണതെന്ന് എനിക്ക് മനസ്സിലായി. നിങ്ങൾക്കറിയാവുന്നതുപോലെ, "Pass over" എന്നത് ഒരു ക്രൈസ്തവ പുണ്യദിനമല്ല മറിച്ച് ഒരു ജൂത ആഘോഷമാണ്. ഞാൻ കരുതുന്നത് മനുഷ്യകരങ്ങൾ ബൈബിളിനെ നശിപ്പിച്ചുകളഞ്ഞു എന്നു തന്നെയാണ്. മുകളിൽ നൽകിയ ഏതാനും ആശയങ്ങളിൽ നിന്നും, മറ്റു യാഥാർത്ഥ്യങ്ങളിൽ നിന്നും ബൈബിൾ പണ്ഡിതന്മാർ തന്നെ ബൈബിളിലെ മാനുഷിക ഇടപെടലുകളും രചനകളും തിരിച്ചറിഞ്ഞിട്ടുണ്ട്. (Curt Kuhl, The Old Testament : Its Origin and Composition, PP 47,51,52). ക്രിസ്ത്യാനികളുടെ മനസ്സിലും ബൈബിളിലെ എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങൾ അല്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെടേണ്ടതുണ്ട്.

ഈ വിഷയത്തിനൊരു കുറിപ്പെന്നോണം പറയട്ടെ, മുഹമ്മദ് നബി(ﷺ)ക്ക് ഏതൊരു ഒരു ക്രിസ്ത്യൻ പാതിരി ബൈബിളിൽ നിന്നും എഴുതിക്കൊടുത്തതിനാലാണ് ഖുർആനിൽ ചില സമാന പരാമർശങ്ങൾ കാണുന്നത് എന്ന് ക്രിസ്ത്യാനികളിൽ ചിലർ വിശ്വസിക്കുന്നുണ്ട്. ചില ഗവേഷണ പഠനങ്ങളിൽ നിന്നും ഇത് ഒരിക്കലും സംഭവ്യമല്ല എന്നെനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കാരണം നബി(ﷺ)ജീവിക്കുകയും പ്രബോധനം നടത്തുകയും ചെയ്ത ആറാം നൂറ്റാണ്ടിൽ അറബി ഭാഷയിലെഴുതപ്പെട്ട ഒരൊറ്റ ബൈബിൾ പോലും നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ, നിരക്ഷരനായിരുന്ന നബി(ﷺ)ക്കോ ഏതെങ്കിലുമൊരു അറബിക്കോ അവരുടെ സ്വന്തം ഭാഷയിൽ എഴുതപ്പെട്ട ബൈബിൾ വായിച്ച് പരിശോധിക്കാനുള്ള ഒരവസരവും ഉണ്ടായിരുന്നില്ല എന്നതാണ് സത്യം.



**1957 സപ്തംബർ 8ന് യഹോവാസാക്ഷികൾ അവരുടെ Awake എന്ന മാസികയിൽ ഞെട്ടിക്കുന്ന ഒരു തലക്കെട്ട് ഇങ്ങനെ നൽകുകയുണ്ടായി: "ബൈബിളിലെ 50,000 അബദ്ധങ്ങൾ"**

യോ ചെയ്തിട്ടില്ലാത്ത ചില ചിന്തകൾ നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ചുരുക്കത്തിൽ ഞാൻ പറയട്ടെ, 1957 സപ്തംബർ 8ന് യഹോവാസാക്ഷികൾ അവരുടെ Awake എന്ന മാസികയിൽ ഞെട്ടിക്കുന്ന ഒരു തലക്കെട്ട് ഇങ്ങനെ നൽകുകയുണ്ടായി "ബൈബിളിലെ 50,000 അബദ്ധങ്ങൾ". ഈ തലക്കെട്ടിനെക്കുറിച്ച് ഇന്ന് നിങ്ങൾ യഹോവാ സാക്ഷികളോട് ചോദിച്ചാൽ അവർ പറയും 'ആ തെറ്റുകളിൽ അധിക ഭാഗവും ഇപ്പോൾ നീക്കം ചെയ്യപ്പെട്ടു കഴിഞ്ഞു'. എത്രയാണ് മാറ്റിയത്, 50,000 ആണോ? 50 എണ്ണമെങ്കിലും ബാക്കി നിൽക്കുന്നുവെങ്കിൽ ഒരാൾക്ക് ആ തെറ്റുകൾ ദൈവത്തിൽ ആരോപിക്കാൻ കഴിയുമോ?

മറ്റൊരു ചോദ്യംകൂടി ഉന്നയിക്കാൻ അനുവദിക്കുക: ഒരു "വിശുദ്ധ"വേദം പരസ്പര വിരുദ്ധങ്ങളായ വചനങ്ങൾ ഉൾക്കൊള്ളുന്നുവെങ്കിൽ നിങ്ങളതിനെ അപ്പോഴും വിശുദ്ധമായി തന്നെ പരിഗണിക്കുമോ? വളരെ സധാരണമായി നിങ്ങളുടെ ഉത്തരം 'നിശ്ചയമായും ഇല്ല' എന്നായിരിക്കും. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉള്ള വൈരുദ്ധ്യങ്ങളടങ്ങിയ ഏതാനും വചനങ്ങൾ അനവധിയാണ്. എന്നാൽ ത്രിത്വം, യേശുവിന്റെ ദൈവികത, യേശുവിന്റെ ദൈവപുത്രവാദം, ആദിപാപം, പാപപരിഹാരം എന്നിവയെക്കുറിച്ചെല്ലാം പറയുമ്പോൾ പുതിയ നിയമത്തിലെ വൈരുധ്യങ്ങൾ പ്രസ്താവിക്കുന്നതാണ്.

'ദൈവപ്രോക്തമായ' വചനങ്ങളിൽ എങ്ങനെയാണ് യേശുവിന്റെ വംശപരമ്പരയിൽ തെറ്റു സംഭവിക്കുന്നത്? ( മത്തായി 1: 6-16 ൽ ദാവീദ് പ്രവാചകൻ വരെ 26 പിതാമഹന്മാർ ഉണ്ടെന്ന് പറയുമ്പോൾ ലൂക്കോ 3:23-31 ൽ 41 എന്നാണ് പറയുന്നത് ) ഈ വിഷയത്തിൽ പിതാവില്ലാത്ത യേശുവിന് വംശപരമ്പര പറയുന്നതുതന്നെ എന്തിനാണ്? 2 രാജാക്കന്മാർ 19:1-37 വായിക്കുക, ശേഷം യെശയ്യ: 1- 38 വായിക്കുക. രണ്ട് വ്യത്യസ്തരായ രചയിതാക്കൾ -ഒരാൾ അറിയപ്പെടാത്തയാളാണെങ്കിൽ ഒന്ന് യെശയ്യാ പ്രവാചകനാണ് - ഇരുവരും നൂറ്റാണ്ടുകളുടെ വ്യത്യാസത്തിൽ ജീവിച്ചവർ ആയിരിക്കെ ഇവയെങ്ങനെ സമാനമായി വരുന്നു? എന്നിട്ടും ക്രിസ്ത്യാനികൾ ഈ പുസ്തകങ്ങളെല്ലാം ദൈവത്തിന്റെ വെളിപാടുകളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു!.

**സുവിശേഷങ്ങൾ**

യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളല്ലാതിരുന്ന, അദ്ദേഹത്തെ ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ലൂക്കോസ് ലൂക്കോസിന്റെ സുവിശേഷം 1:2-3 ൽ പറയുന്നത് വായിക്കുക. ലൂക്കോസ് ദൃസ്സാക്ഷി അല്ലെന്നും അദ്ദേഹം ദൃക്സാക്ഷികളിൽ നിന്നുമാണ് വിജ്ഞാനം ശേഖരിച്ചതെന്നും, ഇത് ദൈവപ്രോക്തമല്ലെന്നും പറയുന്നതായി എന്നെപ്പോലെ നിങ്ങൾക്കും മനസ്സിലാക്കാം.

ആനുഷംഗികമായി എല്ലാ സുവിശേഷങ്ങളും തുടങ്ങുന്നത് ഇന്നയാളുടെ അഭിപ്രായത്തിൽ (according to)എന്ന പ്രയോഗത്തോടെയാണ്. എന്തിനാണ് ഈ according to? സ്രത്യത്തിൽ, സുവിശേഷങ്ങളിലൊന്നിനുപോലും രചയിതാവിന്റെ സാക്ഷ്യ പത്രം ഇല്ല എന്നതാണ് ഇതിനുള്ള കാരണം!. മത്തായി 9: 9 ഉൾക്കൊള്ളുന്ന കാര്യം തന്നെ ആദ്യ സുവിശേഷകർത്താവ്-അദ്ദേഹത്തിന്റെ പേരിലാണ് ഉള്ളതെങ്കിലും- മത്തായി അല്ല എന്നുള്ളതിനുള്ള സ്പഷ്ടമായ തെളിവ് നൽകുന്നു: 'യേശു അവിടെ നിന്നു പോകുമ്പോൾ മത്തായി എന്ന് പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതായി കണ്ടു. എന്നെ അനുഗമിക്കുക എന്ന് അവനോട് പറഞ്ഞു; അവൻ (മത്തായി) എഴുന്നേറ്റ് അവനെ അനുഗമിച്ചു.'ഇവിടെ ഉപയോഗിച്ച് അവൻ', 'അവനെ' എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ നിന്നും അവ യേശുവിനെയോ മത്തായിയെയോക്കുറിച്ചുള്ള അതിന്റെ പറയപ്പെടുന്ന രചയിതാവിന്റെ വാക്കുകകളല്ല മറിച്ച് മൂന്നാമതൊരു വ്യക്തി താൻ കാണുകയോ കേൾക്കുകയോ ചെയ്ത കേട്ടു കേൾവി അവതരിപ്പിക്കുകയാണ് എന്നും ദൈവപ്രോക്തമല്ല എന്നും വലിയൊരു ചിന്ത കൂടാതെ തന്നെ വ്യക്തമാണ്.

**നെൽസൺ ബൈബിൽ ഡിക്ഷ്ണറിയിൽ ഈസ്റ്റർ (അപ്പോസ്തല പ്രവൃത്തികൾ 12:4ൽ പറയുന്ന ഈസ്റ്റർ) എന്ന പദത്തിന്റെ അർത്ഥം നോക്കിയപ്പോൾ 'Pass over' എന്നർത്ഥമുള്ള 'paashcha' എന്ന ഗ്രീക്ക് പദത്തിന്റെ തെറ്റായ മൊഴിമാറ്റമാണതെന്ന് എനിക്ക് മനസ്സിലായി. നിങ്ങൾക്കറിയാവുന്നതുപോലെ, 'Pass over' എന്നത് ഒരു ക്രൈസ്തവ പുണ്യദിനമല്ല മറിച്ച് ഒരു ജൂത ആഘോഷമാണ്.**

ഇന്നറിയപ്പെടുന്ന പുതിയ നിയമത്തിലെ സുവിശേഷങ്ങൾ (മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ) നിഖിയ കൗൺസിലിലൂടെ (Nicea 325 CE) രാഷ്ട്രീയ താത്പര്യങ്ങൾക്കായി കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ ആഭിമുഖ്യത്തിൽ തീരുമാനിക്കപ്പെട്ട് തിരഞ്ഞെടുത്തവയാണ് എന്നകാര്യം വിശ്വാസലോകത്ത് ഏറെ ശ്രദ്ധേയവും അറിയപ്പെട്ടതുമായ കാര്യമാണ്. ക്രിസ്തുവിനെ 'ദൈവപുത്രനെന്നും, പിതാവിന്റെ ജന്മരൂപം മാത്രമെന്നും' വിളിക്കുക പോലുള്ള ഒട്ടേറെ തീരുമാനങ്ങൾക്കൂടി നിഖിയ കൗൺസിൽ അംഗികരിച്ച് പ്രമാണവത്കരിക്കുകയുണ്ടായി. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ നൂറുകണക്കിന് സുവിശേഷങ്ങളും മതകീയ രചനകളും ജനങ്ങളിൽ നിന്നും മറച്ചു വെക്കപ്പെട്ടു. അവയിൽ ചിലത് യേശുവിന്റെ ശിഷ്യന്മാർ എഴുതിയവയായിരുന്നു. യേശുവിന്റെ പ്രവർത്തനങ്ങൾക്ക് സാക്ഷികളായവരുടെ നേരിട്ടുള്ള വിവരണങ്ങളായിരുന്നു അതിൽ മിക്കവാറും ഉണ്ടായിരുന്നത്. ഹിബ്രുവിൽ എഴുതപ്പെട്ട സുവിശേഷങ്ങളെല്ലാം നശിപ്പിക്കാൻ നിഖിയ കൗൺസിൽ തീരുമാനിച്ചതിലൂടെ മുന്നൂറോളം വിവരണങ്ങളാണ് അഗ്നിക്കിരയാക്കപ്പെട്ടത്. ഇന്നറിയപ്പെടുന്ന നാല് സുവിശേഷങ്ങളേക്കാൾ പ്രാമാണികത അവക്കുണ്ടായിരുന്നില്ല എങ്കിൽ ഇവക്ക് തുല്യമായ ആധികാരികത ഏതായാലും അവക്കുണ്ടായിരുന്നു. എന്നാൽ അവയിൽപെട്ട ബർണബാസിന്റെ സുവിശേഷം, ഹെർമാസിലെ ഇടയൻ പോലുള്ള ഖുർആനുമായി വൈരുധ്യം പുലർത്താത്ത സുവിശേഷങ്ങൾ ഇന്നും ലഭ്യമാണ്.

ക്രിസ്തുവിന്റെ ജീവിതത്തെയും നിയോഗത്തെയും കുറിച്ചുള്ള കൃത്യമായ ദൃക്സാക്ഷീകരണം ഇപ്പോഴുമുള്ളത് ബർണബാസിന്റെ സുവിശേഷത്തിൽ മാത്രമാണ്. യഹോവാ സാക്ഷികളും, സെവൻത് ഡെ അഡ്വന്റിസ്റ്റുകളും മറ്റു വിഭാഗങ്ങളും സഭകളും ബൈബിളിന്റെ കാത്തലിക് വേർഷനിൽ അധികമായി ഏഴ് പുസ്തകങ്ങൾ ഉണ്ടെന്ന് ഇന്നും കുറ്റപ്പെടുത്തുന്നു. പ്രൊട്ടസ്റ്റന്റുകൾ അവരുടെ ദൈവിക വചനങ്ങളിൽ നിന്നും ഏഴ് പുസ്തകങ്ങൾ മുഴുവനായും സധൈര്യം എടുത്തു മാറ്റി. ജൂദിത്ത്, തോബ്നിയാസ്, ബാറൂഷ്, എസ്തർ എന്നിവ ഭ്രഷ്ട് കൽപ്പിക്കപ്പെട്ട പുസ്തകങ്ങളിൽ ചിലതാണ്.

യേശുവിന്റെ സുവിശേഷത്തെ (ഇഞ്ചീൽ) പരിഗണിക്കുമ്പോൾ, സുവിശേഷ രചയിതാക്കൾ ഇടതടവില്ലാതെ യേശുവിന്റെ സുവിശേഷാധ്യാപനങ്ങളെക്കുറിച്ച് പറയുന്നതായി കാണാം. മത്തായി 9:35, മാർക്കോസ് 8:35, ലൂക്കോസ് 20:1 പരിശോധിക്കുക. സുവിശേഷം(Gospel) എന്ന പദം ബൈബിൾ ഇടക്കിടെ പ്രതിപാദിക്കുന്ന ഒന്നാണ്. എന്നിരുന്നാലും, പുതിയ നിയമത്തിന്റെ ഗ്രീക്ക് പതിപ്പിൽ Gospel എന്ന വാക്കിനെ സുവിശേഷം, സദ്വാർത്ത എന്നെല്ലാം അർഥം ലഭിക്കുന്ന Evangeline എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, എന്റെ ചോദ്യം ഇതായിരുന്നു: എന്ത് സുവിശേഷമാണ് യേശു പ്രബോധനം നടത്തിയത്? പുതിയ നിയമത്തിൽ യേശുവിന്റെ സുവിശേഷമായി പറയപ്പെടുന്നത് 27 പുസ്തകങ്ങൾ മാത്രമാണ്. എന്നാൽ ഈ 27 പുസ്തകങ്ങളിൽ വളരെ ചെറിയൊരു ഭാഗം മാത്രമാണ് യേശുവിന്റെ വചനങ്ങളായി അംഗീകരിക്കാനാവുന്നത്. ബാക്കി 23 പുസ്തകങ്ങളും പൗലോസ് എഴുതിയതായിട്ടയാണ് ഗണിക്കപ്പെടുന്നത്. യേശു 'ദൈവത്തിന്റെ സുവിശേഷം' പ്രബോധനം ചെയ്തിട്ടുണ്ടെന്ന് മുസ്‌ലിംകൾ നിശ്ചയമായും വിശ്വസിക്കുന്നു. പക്ഷേ, നിലവിലുള്ള നാലു സുവിശേഷങ്ങളെയും യേശുവിന്റെ വാക്കുകളായി അവർ പരിഗണിക്കുന്നില്ല.

ഏറ്റവും ആദ്യത്തെ സുവിശേഷമായ മാർക്കോസിന്റെ സുവിശേഷം യേശുവിന് ശേഷം ഏതാണ്ട് 60-75 കാലഘട്ടങ്ങളിലാണ് എഴുതപ്പെട്ടത്. മാർക്കോസ് ബർണബസിന്റെ സഹോദരീപുത്രനാണ്. മത്തായി വെറുമൊരു നികുതി പിരിവുകാരനായ ഉദ്യോഗസ്ഥൻ മാത്രമായിരുന്നു. അദ്ദേഹം യേശുവോടൊപ്പം യാത്രചെയ്ത വ്യക്തിയുമല്ല. ലൂക്കോസിന്റെ സുവിശേഷമാകട്ടെ വാസ്തവത്തിൽ മാർക്കോസിന്റെയും മത്തായിയുടേയും അതേ ഉറവിടങ്ങളിൽ നിന്നു തന്നെ പിന്നീട് എഴുതപ്പെട്ടതാണ്.

ലൂക്കോസ് പൗലോസിന്റെ വൈദ്യനും പൗലോസിനെപ്പോലെതന്നെ യേശുവെ ഒരിക്കലും കണ്ടിട്ടില്ലാത്ത വ്യക്തിയുമാണ്. എന്നാൽ, മത്തായി 10:2-4 ൽ പറയുന്നതു പോലെ യേശുവിന്റെ 12 ശിഷ്യന്മാരുടെ പേരിൽ മാർക്കോസ് എന്നോ ലൂക്കോസ് എന്നോ ഉള്ള പേരുകൾ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല എന്ന് നിങ്ങൾക്കറിയില്ലേ?. 12 അപ്പോസ്തലന്മാരുടെ പേരുകൾ ഇപ്രകാരമാണ്: ഒന്നാമൻ പത്രോസ് എന്ന പേരുള്ള ശീമോൻ, അവന്റെ സഹോദരൻ അന്ത്രയാസ്, സെബദിയുടെ മകൻ യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ, ഫിലിപ്പോസ്, ബർത്തലൊമായി, തോമസ്, ചുങ്കക്കാരൻ മത്തായി, അൻഫായുടെ മകൻ യാക്കോബ്, തദ്ദായി, ശിമോൻ, യേശുവിനെ കാണിച്ചുകൊടുത്ത ഈസ്കരിയ്യോത്തോ യൂദാ.

ക്രിസ്തുവിനുശേഷം 100 വർഷങ്ങൾ കഴിഞ്ഞ് എഴുതപ്പെട്ട യോഹന്നാന്റെ സുവിശേഷം വ്യത്യസ്തമായൊരു ഉറവിടത്തിൽ നിന്നുമുള്ളതാണ്. 44 CE ൽ ഈ സുവിശേഷം എഴുതപ്പെടുന്നതിന് എത്രയോ മുൻപ് അഗ്രിപ്പ 1നാൽ തലയറുത്തു കൊലചെയ്യപ്പെട്ട യേശുവിന്റെ ശിഷ്യനായിരുന്ന യോഹന്നാനുമായി യോഹന്നാൻ സുവിശേഷകനെ തെറ്റിദ്ധരിച്ചുകൂടാ. ശിഷ്യനായ യോഹന്നാന്റെ സുവിശേഷം സത്യവേദ പുസ്തകങ്ങളിൽ ഉൾപ്പെടുത്തപ്പെടുമായിരുന്നുവെങ്കിൽ അത് യേശുവിന്റെ ജീവചരിത്രത്തെ സംബന്ധിച്ചുള്ള പരിഗണന നൽകാവുന്ന ഒരു വിവരണവുമായിരുന്നു. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ, ക്രൈസ്തവർ മാർക്കോസിന്റെയും, ലൂക്കോസിന്റെയും മത്തായിയുടെയും യോഹന്നാന്റെയും സുവിശേഷങ്ങളെക്കുറിച്ച് വലിപ്പം പറയുന്നവരാണ്. എന്നാൽ ഇവയെല്ലാം നാം പരിശോധനാവിധേയമാക്കിയാൽ അതിലൊന്നിൽപോലും യേശുവിന്റെ സുവിശേഷം ഇല്ലെന്ന് കാണാം. King James Version new open Bible study editionന്റെ ആമുഖത്തിൽ പറയുന്നതുപോലെ According to John, according to Mathew, according to Luke and according to Mark എന്ന യഥാർത്ഥ തലക്കെട്ടുകളോട് പിൽക്കാലത്ത് ചേർക്കപ്പെട്ട പദമാണ് Gospel. ഇപ്രകാരം according to എന്ന് സുവിശേഷങ്ങളെ വിളിക്കാനുള്ളാരു അനുവാദം യേശു നൽകുകയോ മറ്റേതെങ്കിലും ദിവ്യദർശനം ലഭിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. മത്തായി, ലൂക്കോസ്, മാർക്കോസ്, യോഹന്നാൻ എന്നിവരുടെ രചനകൾ ഒരിക്കലും യഥാർഥ സുവിശേഷങ്ങളല്ല. ആയതുകൊണ്ടുതന്നെ, താൻ എഴുതുന്നത് യേശുവിന്റെ സുവിശേഷമാണെന്നുള്ള മാർക്കോസ് 1:1 ഒരു സത്യ പ്രസ്താവനയാകാൻ തരമില്ല.

മുസ്‌ലിംകൾ എല്ലാ ദൈവിക വേദങ്ങളിലും അവയുടെ യഥാർഥരൂപത്തിൽ വിശ്വസിക്കുവാനും അവയുടെ പ്രവാചകരെ യാതൊരു വിവേചനവും കൂടാതെ അംഗീകരിക്കുവാനും- സുഹുഫ് (ഇബ്രാഹീം നബി), തോറ (മൂസാ നബി), സങ്കീർത്തനങ്ങൾ (ദാവൂദ് നബി) ഇഞ്ചീൽ അഥവാ യേശുവിന്റെ സുവിശേഷം (ഈസാ നബി) ഖുർആൻ (മുഹമ്മദ് നബി)- ബാധ്യസ്ഥരാണെന്ന വസ്തുത ഇവിടെ എടുത്തുപറയേണ്ടതു തന്നെയാണ്. തൗറാത്തും സുവിശേഷവും അല്ലാഹു ഇറക്കിയതാണെന്ന് ഖുർആനിൽ 3:3 ൽ വ്യക്തമായി പ്രസതാവിച്ചിട്ടുള്ള കാര്യമാണ്. പക്ഷേ, സകലമനുഷ്യർക്കും വേണ്ടി സാർവ്വലൗകികമായി അവതരിപ്പിക്കപ്പെട്ട ഖുർആൻ അല്ലാതെ ഈ വേദങ്ങളിലൊന്നും തന്നെ തനതായ രൂപത്തിൽ ഇന്ന് ലഭ്യമല്ല.

മാനവകുലത്തിനാകമാനമായിക്കൊണ്ട് ഖുർആൻ അവതീർണ്ണമായതിന്റെ വിവിധകാരണങ്ങളിലൊന്നായി 18:4-5 ൽ പറയുന്നത് ക്രിസ്ത്യാനികൾ അവർ “അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നു” എന്ന് പറയുന്നത് അവസാനിപ്പിക്കുന്നില്ല, എങ്കിൽ അവർക്ക് വരാനിരിക്കുന്ന കടുത്ത ശിക്ഷയെക്കുറിച്ച് താക്കീത് നൽകാൻ കൂടിയാണെന്നാണ് യേശു പഠിപ്പിച്ച സുവിശേഷം- ഇസ്രായീൽ സന്തതികളിലേക്കുള്ള ഇഞ്ചീൽ- എല്ലാം തന്നെ അല്ലാഹുവിൽ നിന്നുള്ളതാണെന്ന് മുസ്‌ലിംകൾ ആത്മാർഥമായി വിശ്വസിക്കന്നു. ഇന്ന് ലഭ്യമായ നാലു സുവിശേഷ പുസ്തകങ്ങളിൽ ഒരിടത്തും യേശു തന്റെ സുവിശേഷ പ്രസംഗത്തിന്റെ ഒരു വാക്കെങ്കിലും എഴുതിവെച്ചതായോ രേഖപ്പെടുത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയതായോ പറയുന്നില്ല. അങ്ങനെവരുമ്പോൾ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് മൂന്നാമതൊരാളുടെ മനുഷ്യകരങ്ങളാൽ എഴുതപ്പെട്ടവ ‘സുവിശേഷങ്ങൾ’ എന്ന് ഗണിക്കപ്പെട്ടു വരുന്നു എന്നതാണ്. ഖുർആൻ 2: 79 പറയുന്നു: “എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്) അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം”

**യേശു ദൈവപുത്രൻ എന്ന നിലക്ക്**

യേശു ദൈവപുത്രനോ? ചില ക്രിസ്ത്യാനികൾ യേശു ദൈവപുത്രനാണെന്നതിനുള്ള തെളിവെന്നോണം മത്തായി 3:17 ഉപയോഗിക്കാറുണ്ട്. “ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗത്തിൽ നിന്ന് ഒരു ശബ്ദം ഉണ്ടായി” എന്ന മത്തായി 3:17 യേശുവി



ന്റെ ദിവ്യപുത്രാവസ്ഥയെ സമർഥിക്കാനുപയോഗിക്കുകയാണെങ്കിൽ മറ്റ് പല വ്യക്തികൾക്കും അതേസ്ഥാനം നൽകുകയും വൈരുധ്യം പുലർത്തുകയും ചെയ്യുന്ന പുതിയ-പഴയ നിയമങ്ങളിലെ ഒരു വചനവും ഇതുപോലെ ഉണ്ടാകില്ല. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തിന്റെ പുത്രാവകാശം മറ്റു പല വ്യക്തികൾക്കും നൽകുന്ന ഒട്ടേറെ സന്ദർഭങ്ങളുണ്ട്: പുറപ്പാട് 4:22 നോക്കുക: ‘യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു: ‘യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യ ജാതൻ തന്നെ’2 സാമുവൽ 7:14,1 ദിനവൃത്താന്തം 22:10 വായിക്കുക: ‘അവൻ (ശലമോൻ) എന്റെ പുത്രനായിരിക്കും’ ജറമിയ 31:9...‘എഫ്രയീം എന്റെ ആദ്യജാതൻ’ കൂടാതെ സങ്കീർത്തനങ്ങൾ: 2:7ഉം വായിക്കുക.

‘പുത്രൻ’ എന്ന വാക്ക് ഭാഷാർഥത്തിൽ ഉൾക്കൊള്ളാൻ സാധ്യമല്ല. കാര

ണം തെരെഞ്ഞടുക്കപ്പെട്ട അനേകം ദാസന്മാരെ ദൈവം മകനായും മക്കളായും പരിച യപ്പെടുത്തിയിട്ടുണ്ട്. ജൂതന്മാരും എസ്രാ പ്രവാചകനെ ദൈവപുത്രനായി അവകാശ പ്പെട്ടിട്ടുണ്ട്. പുതിയ നിയമത്തിന്റെ ഗ്രീക്ക് ഭാഷ്യത്തിൽ 'പുത്രൻ' എന്നതിന്റെ പരിഭാഷയായി pias, paida എന്നീ വാക്കുകളാണ് യേശുവിനെയും മറ്റ് ദാസന്മാരേയും ഉദ്ദേശിച്ച് ഉപയോഗിച്ചിട്ടുള്ളത്.

'പിതാവ്' (Father) എന്ന പദം യേശു ഉപയോഗിക്കുന്നത് റബ്ബ് (രക്ഷിതാവ്)എന്ന ഉദ്ദേശത്തിലാണ്. അതായത് പരിപാലിക്കുന്നവൻ എന്ന അർഥത്തിൽ. അതായത് യേശുവിന്റെ ആശയത്തിൽ ദൈവം എന്നാൽ ഏവരെയും പരിപാലിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന 'പിതാവ്' എന്നാണ്. പുതിയ നിയമത്തിലും 'ദൈവ പുത്രൻ' എന്നത് ഒരു ഗൂഢാർഥ പ്രയോഗമാണ്.: 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു' (റോമർ :8: 14) ഈ ഗൂഢാർഥ പ്രയോഗത്തിലാണ് യേശുവും ദൈവത്തിന്റെ ഏകപുത്രൻ എന്ന് വിളിക്കപ്പെട്ടിട്ടുള്ളത്.

സങ്കീർത്തന പുസ്തകം 2:7 ദൈവം ദാവീദിനോട് പറഞ്ഞു: 'യഹോവ എന്നോട് അരുളി ചെയ്തു: നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു"

ദൈവത്തിന് രണ്ട് പുത്രന്മാരുണ്ടെന്നാണോ ഇതർഥമാക്കുന്നത്? ദൈവം തന്റെ മാത്രമല്ല നിങ്ങളുടെയും പിതാവാണ് എന്ന് യേശു പറഞ്ഞിട്ടുണ്ട്: (മത്തായി 5:45,48). ലൂക്കോസ് 3:38 പറയുന്നു: "ശേത്ത് ആദാമിന്റെ മകൻ, ആദാം ദൈവത്തിന്റെ മകൻ"

എബ്രായർ 7:3 ൽ ദൈവപുത്രനു തുല്യനായി ആരെയാണ് പറയുന്നത്? നോക്കുക:

**നിശ്ചയമായും, പൗലോസിന്റെ റോമർക്കുള്ള ലേഖനത്തിലെ 430ലേറെ വചനങ്ങൾ ഒരിക്കലും യേശു പഠിപ്പിച്ചതല്ല എന്നത് തികച്ചും അതിശയകരവും വിരോധാഭാസവുമാണ്. യേശുവിന്റെ പ്രാക്തനമായ അധ്യാപനങ്ങളുടെ കൃത്യമായ അനുബന്ധം പൗലോസ് നൽകിയിരുന്നുവെങ്കിൽ തന്റെ മുൻചൊന്ന ദൈവിക വെളിപാടു വഴിയായുള്ള അപ്പോസ്തലത്തവാദത്തിന് വാസ്തവി കത ലഭിക്കുമായിരുന്നു.**

"മൽക്കിസേദെക്ക് എന്ന ശാലേമിന്റെ രാജാവിനെ സംബന്ധിച്ചാണ് ഇവിടെ എബ്രായർ 7:3ൽ പറയുന്നത്. അദ്ദേഹം (മൽക്കിസേദെക്ക്)യേശുവിനെയും ആദമിനേയും പോലെയാണ്. അയാളെന്തുകൊണ്ട് ദൈവപുത്രനായി പരിഗണിക്കപ്പെട്ടില്ല? ആദമിന് പിതാവും മാതാവും ഇല്ല. ആദാം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ആദ്യമനുഷ്യനും ദൈവനിശ്ചയത്താൽ ഏതൻതോട്ടത്തിലും പിന്നെ ഭൂമിയിലും വസിക്കാൻ വിധി ക്കപ്പെട്ടവനുമാണ്. അപ്പോൾ യഥാർഥത്തിൽ ദൈവപുത്രൻ എന്ന് വിളിക്കപ്പെടാൻ കൂടുതൽ അവകാശമുള്ളത് ആദമിനാണല്ലോ?

യോഹന്നാൻ 3:16, ലൂക്കോസ് 10:25-28 ഉം മത്തായി 19:16-17 ഉം തമ്മിലുള്ള വ്യക്തമായ വൈരുധ്യങ്ങൾ നിങ്ങളുമായി പങ്കിടാൻ ഞാനാഗ്രഹിക്കുകയാണ്. യോഹന്നാൻ 3:16 ഇങ്ങനെ വായിക്കാം "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു"

ഇനി നമുക്ക് ലൂക്കോസ് 10:25-28 വായിക്കാം: "അനന്തരം ഒരു ന്യായശാസ്ത്രി എഴുന്നേറ്റു. ഗുരോ, ഞാൻ നിത്യജീവന്ന് അവകാശി ആയിത്തീരാൻ എന്ത് ചെയ്യേണം എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു. അവൻ അവനോട് ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു; നീ അങ്ങനെ വായിക്കുന്നു എന്ന് ചോദിച്ചതിന്ന് അവൻ: നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നും തന്നെ എന്ന് ഉത്തരം പറഞ്ഞു. അവൻ അവനോട്: നീ പറഞ്ഞ ഉത്തരം ശരി, അങ്ങനെ ചെയ്ക എന്നാൽ നീ ജീവിക്കും എന്ന് പറഞ്ഞു"

യഥാർഥ ദൈവത്തെ മാത്രം ആരാധി ക്കുന്ന, മറ്റാരേയും ആരാധിക്കാതിരിക്കു ന്ന ഏതൊരാൾക്കും നിത്യജീവനെ അന ന്തരമെടുക്കാൻ കഴിയുമെന്നാണ് ഈ വചനങ്ങൾ നമ്മോട് പറയുന്നത്. ലൂക്കോ സ് 10:25-28 മത്തായി 19:16-17 നോട് സമാനമാണെന്ന് കാണാം: "അനന്തരം ഒരുത്തൻ വന്ന് അവനോട്: ഗുരോ, നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്ത് നന്മ ചെയ്യേണം എന്ന് ചോദിച്ചതിന്ന് അവൻ: എന്നോട് നന്മയെകുറിച്ച് ചോദി ക്കുന്നത് എന്ത്? നല്ലവൻ ഒരുത്തനേ ഉള്ളൂ. ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ കൽപനകളെ പ്രമാണിക്ക എന്ന് അവനോട് പറഞ്ഞു"

യേശുവെ ആരാധിക്കാൻ ആവശ്യപ്പെ ടുന്ന ഒരു കൽപനയും എവിടെയുമില്ല എന്നാൽ അവ നമ്മോട് പറയുന്നത് ദൈ വത്തെ മാത്രം ആരാധിക്കുവാനാണ്.

ലുക്കോസ് 4:41 ൽ ദൈവപുത്രനെന്ന് യേശുവെ വിളിക്കുന്നതിൽ നിന്ന് യേശു ഭൂതങ്ങളെ തടയുന്നതായി വായിക്കാവുന്ന താണ്. സത്യം പറയുന്നതിനാൽ ഭൂതങ്ങ ളെയോ മറ്റാരെയെങ്കിലുമോ യേശു ശകാ രിക്കുമെന്ന് നിങ്ങൾ കരുതുന്നുവോ? നിസ്സംശയം, ഇല്ല!. യേശു ഭൂതങ്ങളെ ഗുണദോഷിച്ചത് അവർ അദ്ദേഹത്തെ ദൈവപുത്രനെന്ന് വിളിക്കുക വഴി തെറ്റാ യ കാര്യമാണ് പറഞ്ഞത് എന്നതുകൊ ണ്ടാണ്. മാത്രമല്ല യേശു, ക്രിസ്തുവായി രുന്നു എന്ന് അവർക്കറിയാമായിരുന്നിട്ടും യേശു അവരെ ക്രിസ്തു എന്ന് വിളിക്കു ന്നതിൽ നിന്നും തടഞ്ഞത് അവരുടെ ആ വിളി യേശുവിന്റെ ദൗത്യത്തിന്ന് വിരുദ്ധ മായതുകൊണ്ടാണ്. ലൂക്കോസ് 9:20,21 എന്നീ വചനങ്ങളിൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്നു: 'എന്നാൽ നിങ്ങൾ എന്നെ ആരെന്ന് പറയുന്നു എന്ന് ചോദിച്ചതിന്ന്: ദൈവത്തിന്റെ ക്രിസ്തു എന്ന് പത്രോസ് ഉത്തരം പറഞ്ഞു. ഇത് ആരോടും പറയരുതെന്ന് അവൻ അവരോ ട് അമർച്ചയായിട്ട് കൽപിച്ചു'

കൂടാതെ യോഹന്നാൻ 3:2, 6:14, 7:40, മത്തായി 21:11, ലൂക്കോസ് 7:16, 24:19 പോലുള്ള വചനങ്ങൾ അധ്യാപകൻ, പ്രവാചകൻ പോലുള്ള വിശേഷണങ്ങൾ യേശു അംഗീകരിക്കുകയും മത്തായി 8:20, 12:40, 17:9-12, 26:24, ലൂക്കോസ് 9:26, 22:48, 2:69, 24:7 എന്നീ വചനങ്ങളിൽ യേശു സ്വയം മനുഷ്യപുത്രൻ എന്ന് വിളിക്കുക യും ചെയ്യുന്നതായി സ്ഥിരീകരിക്കുന്നു. യേശു മനുഷ്യപുത്രനാണെന്ന് പറയുന്ന,



അദ്ദേഹം പുനരുദ്ധാരണനാളിനെക്കുറിച്ച് സംസാരിക്കുന്ന മാർക്കോസ് 14:26 ഏറെ നിർണ്ണയകമായൊരു വചനമാണ്. നാം മനുഷ്യപുത്രനെ -ദൈവ പുത്രനെയല്ല- വലിയ ശക്തിയോടെ മേഘങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെടുന്നത് കാണുമെന്ന് യേശു വ്യക്തമായി പറയുന്നു.

ഒരു പുത്രന് ജന്മം നൽകുക എന്നത് ശാരീരികമായ കാര്യമാണ്. അത്തരം പ്രവൃത്തികൾ ദൈവികതക്ക് നിരക്കുന്നതല്ല. ഖുർആൻ 19:35 ൽ പറയുന്നു: 'ദൈവത്തിന്റെ മകൻ' എന്ന് യേശുവിന്റെ അധ്യാപനങ്ങളിൽ ഇല്ല എന്നു മാത്രമല്ല യേശു അങ്ങനെ പഠിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. അപ്പോസ്തലപ്രവൃത്തികൾ 9:20ൽ പറയുന്നതുപോലെ അത് പൗലോസിന്റെ അധ്യാപനം മാത്രമാണ്: 'യേശു തന്നേ ദൈവ പുത്രൻ എന്ന് അവൻ പള്ളികളിൽ പ്രസംഗിച്ചു'

യേശു എപ്പോഴെങ്കിലും താൻ ദൈവമാണെന്ന് അവകാശപ്പെടുകയോ അല്ലെങ്കിൽ "ഞാനിതാ ഇവിടെയില്ലേ, നിങ്ങളുടെ ദൈവം, എന്നെ ആരാധിക്കുന്നില്ലേ? എന്ന് പറയുകയോ ചെയ്തിട്ടുണ്ടോ? ഉത്തരം 'ഇല്ല' എന്ന് തന്നെയാണ്. യേശു 'ഞാൻ ദൈവമാണ്, ആയതിനാൽ എന്നെ ആരാധിക്കുവിൻ' എന്ന് പ്രസ്താവിക്കുന്ന, പോകട്ടെ സമാനമായ അർഥം ലഭിക്കുന്ന ഒരു പ്രയോഗം പോലും ബൈബിളിലെവിടെയുമില്ല. സത്യത്തിൽ നിങ്ങൾ വായിക്കുന്ന ബൈബിൾ അടിസ്ഥാനമാക്കിപ്പറഞ്ഞാൽ പൗലോസ് കെട്ടിയുണ്ടാക്കിയതാണ് ലേഖനങ്ങളിലെ രണ്ടായിരത്തിലധികം വചനങ്ങൾ. അതിലെ റോമർ 9:5 പറയുന്നു: 'അവൻ സർവ്വത്തിനും മീതെ ദൈവമായി വാഴ്ത്തപ്പെട്ടവൻ'

റോമർക്ക് എഴുതിയ ലേഖനത്തിൽ റോമർ 2:16ൽ പൗലോസ് തന്റെ സ്വന്തം സുവിശേഷത്തെക്കുറിച്ച് - യേശുവിന്റേതല്ല- പറയുന്നത് ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ടതുണ്ട്. 'ദൈവം യേശുക്രിസ്തു മുഖാന്തിരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷ പ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നെ'. വാസ്തവത്തിൽ, പൗലോസ് റോമർക്ക് അയച്ച ലേഖനമാണ് ഇന്നത്തെ ക്രൈസ്തവതയുടെ ആധാരശിലയായി വർത്തിക്കുന്നത്.

അപ്രകാരം ദൈവത്തിന് പങ്കാളികളെ സ്ഥാപിക്കുകവഴി ക്രിസ്ത്യാനികൾ സൽകർമ്മങ്ങൾ എന്ന് നിനച്ച് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം വ്യഥാവിലായിപ്പോകുകയാണ്. ഖുർആൻ അധ്യായം 18 ൽ 103 മുതൽ 106 വരെയുള്ള സൂക്തങ്ങളിൽ പറയുന്നു: "(നബിയേ) പറയുക: കർമ്മങ്ങൾ ഏറ്റവും നഷ്ടകരമായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹികജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു എന്നാണ്. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും(സ്ഥാനവും) നിലനിർത്തുകയില്ല. അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും, ദൂതൻമാരെയും പരിഹാസ്യമാക്കുകയും ചെയ്തതിന്നുള്ള (ശിക്ഷയായ) നരകം"

നിശ്ചയമായും, പൗലോസിന്റെ റോമർക്കുള്ള ലേഖനത്തിലെ 430ലേറെ വചനങ്ങൾ ഒരിക്കലും യേശു പഠിപ്പിച്ചതല്ല എന്നത് തികച്ചും അതിശയകരവും വിരോധാഭാസവുമാണ്. യേശുവിന്റെ പ്രാക്തനമായ അധ്യാപനങ്ങളുടെ കൃത്യമായ അനുബന്ധം പൗലോസ് നൽകിയിരുന്നുവെങ്കിൽ തന്റെ മുൻചൊന്ന ദൈവികവെളിപാടു വഴിയായുള്ള അപ്പോസ്തലത്തവാദത്തിന് വാസ്തവികത ലഭിക്കുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ലേഖനത്തിൽ കാണുന്ന ബൈബിളിന്റെ ഉദ്ധരണികളിൽ (വിശിഷ്യാ റോമർക്കുള്ള ലേഖനത്തിൽ) മഹാഭൂരിഭാഗവും പഴയ നിയമത്തിലെ ഉൽപത്തി, പുറപ്പാട്, ലേവ്യ പുസ്തകം, ആവർത്തന പുസ്തകം, 2 സാമുവേൽ, 1 രാജാക്കന്മാർ, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, യെശയ്യാവ്, യെഹെസ്കേൽ, ഹോശേയ എന്നിവയിൽ നിന്ന് എടുത്തവയാണ്. നീട്ടിവലിച്ച ഒരു ശേഖരം തന്നെയാണ് അദ്ദേഹത്തിന്റെ ലേഖനങ്ങൾ എന്നത് ശരിയാണ് എങ്കിലും അവ പൗലോസിനെ മറ്റു ബൈബിൾ ഗ്രന്ഥകാരേക്കാൾ കേമനാക്കുകയോ ഒരു പ്രവാചകനാക്കുകയോ ചെയ്യുന്നില്ല.

പൗലോസിന്റെ കീഴിൽ അംഗീകരിക്കപ്പെട്ട മറ്റ് അനുഷ്ഠാന രീതികൾ താഴെ പറയുന്നവയാണ്: Roman sun-day ക്രിസ്തീയ സാബത്ത് ആയി; സൂര്യദൈവത്തിന്റെ (Sun-god) പാരമ്പര്യജന്മദിനം യേശുവിന്റെ ജന്മദിനമായി; സൂര്യ ദൈവത്തിന്റെ ചിഹ്നം പ്രകാശ കുരിശ് (the cross of light) ക്രൈസ്തവതയുടെ ചിഹ്നമായി, സൂര്യ ദൈവത്തിന്റെ ജന്മദിനാഘോഷങ്ങളോട് എല്ലാ ആഘോഷങ്ങളെയും കൂട്ടിയിണക്കി.

**ക്രൂശീകരണവും പാപപരിഹാരവും**

ക്രൈസ്തവതയുടെ ഒരു സുപ്രധാന സംഭവമാണ് യേശുവിന്റെ ക്രൂശീകരണം.

ക്രൂശീകരണവുമായി ചുറ്റിപ്പറ്റിയുള്ള വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെ കുറിച്ച് സംസാരിക്കുന്നതിന് മുൻപായി യേശുവിന്റെ ക്രൂശീകരണവും ഉയിർത്തെഴുന്നേൽപും പൗലോസിന്റെ സുവിശേഷമാണെന്ന് പറയേണ്ടത് അനിവാര്യമാണ്. (2 തിമോഥേയോസ്2:8) "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുനോക്കുക. അതാകുന്നു എന്റെ സുവിശേഷം"

മാത്രമല്ല, മാർക്കോസിന്റെ സുവിശേഷം 16: 9–20 വരെയുള്ള ഉയിർത്തെഴുന്നേൽപിനെക്കുറിച്ചുള്ള വചനങ്ങൾ Revised Standard Versionന്റെ 1952 പതിപ്പിൽ നിന്ന് ഒഴിവാക്കുകയും പിന്നീട് എന്തോ ചില കാരണങ്ങളാൽ 1971 ലെ പതിപ്പിൽ വീണ്ടും കൂട്ടിച്ചേർക്കുകയുമുണ്ടായി. മിക്ക ബൈബിളുകളിലും- നീക്കം ചെയ്യപ്പെട്ടിട്ടില്ല എങ്കിൽ- അത് ചെറിയ അക്ഷരങ്ങളിലായി പ്രിന്റു ചെയ്യപ്പെട്ടതോ, രണ്ട് ബ്രാക്കറ്റുകൾക്കുള്ളിലായി എഴുതപ്പെട്ട നിലയിലോ കാണാവുന്നതാണ്. (The Revised Standard Version, New American Bible, New world Translation of the Holy Scriptures എന്നിവ കാണുക).

യേശുവിന്റെ ക്രൂശീകരണത്തെ കുറിച്ചുള്ള ബൈബിളിന്റെ പരമ്പരാഗതവിവരണം അദ്ദേഹം പ്രധാനപുരോഹിതന്റെയും ജൂതഗുരുക്കന്മാരുടെയും കൽപനയും പദ്ധതികളും പ്രകാരം പിടിക്കപ്പെടുകയും കുരിശിലേറ്റപ്പെടുകയും ചെയ്തു എന്നാണ്. എന്നാൽ ഈ വിവരണം 1960കളിൽ കത്തോലിക്കക്കാരുടെ സമുന്നതസ്ഥാനീയനായ പോപ്പിനാൽ തള്ളപ്പെടുകയുണ്ടായി. അദ്ദേഹം ഇറക്കിയ പ്രസ്താവനയിൽ യേശുവിന്റെ ക്രൂശീകരണത്തിൽ ജൂതന്മാർക്ക് യാതൊരു ബന്ധവുമില്ല എന്നാണ് പറഞ്ഞത്. യേശു

**ഒരു ഭൂതാത്മാവിനോ ശവശരീരത്തിനോ ഭക്ഷണത്തിന്റെ ആവശ്യമില്ലല്ലോ? ഭക്ഷണം കഴിക്കുക വഴി യേശു ശിഷ്യന്മാർക്ക് തെളിയിച്ചുകൊടുത്തത് അദ്ദേഹം ഒരു ഭൂതമല്ല മറിച്ച് അദ്ദേഹം അപ്പോഴും മരിക്കാതെ ജീവിച്ചിരിക്കുന്നു എന്നായിരുന്നു.**

വിന്റെ ക്രൂശീകരണമോ ഉയിർത്തെഴുന്നേൽപ്പോ ബൈബിൾ സുവിശേഷകരിൽ ആരെങ്കിലും നേരിൽ വീക്ഷിച്ചിട്ടുണ്ടോ? ഇല്ല! മാർക്കോസ് 14:50ൽ പറയുന്നു: 'ശിഷ്യന്മാർ എല്ലാവരും അവനെവിട്ട് ഓടിപ്പോയി'. കോഴി കൂവിയതിന് ശേഷം, യേശു മുൻപ്രവചിച്ചിരുന്നതു പോലെ പത്രോസും അവിടെ നിന്ന് പോകുകയാണുണ്ടായത് (മത്തായി 26:75)' "കോഴികൂവും മുൻപേ മൂന്നുവട്ടം നീ എന്നെ തള്ളിപ്പറയും എന്ന് യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്ത് പുറത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു"

യേശുവിന്റെ ജീവിതത്തിലെ ഈ നിമിഷം ഒരുപക്ഷേ കണ്ടുകാണാൻ ഇടയുള്ളത് മഗ്ദലന മറിയവും, യാക്കോബിന്റെയും യോസെയുടെയും അമ്മ മറിയവും, സെബെദിപുത്രന്മാരുടെ മാതാവും, മറ്റ് സ്ത്രീകളുമാണ് (മത്തായി 27: 55–56). എന്നാൽ ഈ സ്ത്രീകളിൽ ആരിൽ നിന്നും അവർ കണ്ടതോ കേട്ടതോ ആയ എന്തെങ്കിലും പ്രസ്താവനയോ വിവരണമോ ഈ വിഷയത്തിൽ ഒരു സുവിശേഷത്തിലും ഇല്ല തന്നെ.

യേശുവിനെ കിടത്തിയിരുന്ന ശവക്കുഴി ശൂന്യമായി കണ്ട ശിഷ്യന്മാർ അദ്ദേഹം ഉയിർത്തെഴുന്നേറ്റു എന്ന നിഗമനത്തിൽ എത്തുകയായിരുന്നു. കാരണം പറയപ്പെട്ട ക്രൂശീകരണത്തിന് ശേഷം അദ്ദേഹത്തെ ശിഷ്യന്മാരും മറ്റു സാക്ഷികളും ജീവനോടെ കാണുകയുണ്ടായി. അദ്ദേഹം ഉയിർത്തെഴുന്നേറ്റ നിമിഷം കണ്ടവരായി ആരുമില്ല. ലൂക്കോസ് 24: 36–43ൽ യേശു സ്വയം പറഞ്ഞത് ഞാൻ കുരിശിൽ മരിച്ചിട്ടില്ല എന്നാണ്.

ഞായറാഴ്ച വെളുപ്പിന് മഗ്ദലന മറിയം ശവകുടീരത്തിലേക്ക് ചെന്നു. അത് ശൂന്യമായിരുന്നു. തോട്ടക്കാരന്റെ വേഷത്തിൽ ആരോ നിൽക്കുന്നതായി അവൾ കണ്ടു. ഒരു സംഭാഷണത്തിനുശേഷം അത് യേശുവാണെന്ന് അവൾ തിരിച്ചറിഞ്ഞു. അദ്ദേഹത്തെ തൊട്ടുനോക്കണമെന്ന് പറഞ്ഞു. യേശു പറഞ്ഞു: 'എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല' (യോഹന്നാൻ 20:17)

ഇനി ലൂക്കോസ് 24:36–43 വായിക്കാം: 'ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ അവരുടെ നടുവിൽ നിന്നു. നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. അവർ ഞെട്ടി, ഭയപ്പെട്ടു. ഒരു ഭൂതത്തെ കാണുന്നു എന്ന് അവർക്ക് തോന്നി. അവൻ അവരോട്: നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതും എന്ത്? ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കയ്യും കാലും നോക്കി അറിവിൻ. എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അവൻ കയ്യും കാലും അവരെ കാണിച്ചു. അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ചു നിൽക്കുമ്പോളവരോട്: തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്ന് ചോദിച്ചു. അവർ ഒരു ഖണ്ഡം വറുത്ത മീനും തേൻ കട്ടയും അവന്ന് കൊടുത്തു. അത് അവൻ വാങ്ങി അവർ കാൺകെ തിന്നു.

ഒരു ഭൂതാത്മാവിനോ ശവശരീരത്തിനോ ഭക്ഷണത്തിന്റെ ആവശ്യമില്ലല്ലോ? ഭക്ഷണം കഴിക്കുക വഴി യേശു ശിഷ്യന്മാർക്ക് തെളിയിച്ചുകൊടുത്തത് അദ്ദേഹം ഒരു ഭൂതമല്ല മറിച്ച് അദ്ദേഹം അപ്പോഴും മരിക്കാതെ ജീവിച്ചിരിക്കുന്നു എന്നായിരുന്നു.

യേശു മരിച്ചിട്ടില്ല എന്നും ജീവിച്ചിരിക്കുന്നു എന്നതിനും അദ്ദേഹത്തിന്റെ തന്നെ പ്രവചനം തെളിവാണ്: 'യോനാ കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും' (മത്തായി 12:40)

ഈ അത്ഭുതം യേശു പൂർത്തീകരിച്ചുവോ? ക്രിസ്ത്യാനികൾ പറയും 'ഉണ്ട്' കാരണം യേശു മരിക്കുകയും മൂന്നു നാൾക്ക് ശേഷം ഉയിർത്തെണീക്കുകയും ചെയ്തു. ലൂക്കോസ് 24:36 ലും മത്തായി 20:19 ലും പറയുന്നതുപോലെ എന്ന് പേരിന് ചില വചനങ്ങൾ ഉദ്ധരിക്കുകയും ചെയ്യും

യേശുവിനെ കല്ലറയിൽ കിടത്തിയത് വെള്ളിയഴ്ച(ദുഃഖവെള്ളി) സുര്യാസ്തമയത്തിന് ശേഷമാണ്. എന്നാൽ അദ്ദേഹം ഞായറഴ്ച(ഈസ്റ്റർ) സൂര്യോദയത്തിന് മുമ്പ് അപ്രത്യക്ഷനാകുകയും ചെയ്തു. സമയത്തിന്റെ ചട്ടക്കൂടിനെ ഒന്ന് വലിച്ചു

**(ശേഷം പേജ് 49ൽ)**

ന്നത്. മാത്രമല്ല, ആകാശത്ത് അണിയായി പറക്കുന്ന പക്ഷികൾ; അവയെ അന്തരീക്ഷത്തിൽ താങ്ങി നിർത്തുന്നത് അല്ലാഹുവാണ്. അത് അവയോട് ചെയ്യുന്ന രക്ഷിതാവിന്റെ അതിമഹത്തായ കാരുണ്യമാണ്. അവിടെയും അല്ലാഹു പ്രയോഗിച്ചത് റഹ്മാനെന്ന പദമാണ്. സൂറത്ത് റഹ്മാന്റെ തുടക്കം മുതൽ 13-ാം വചനം വരെ, അല്ലാഹു ലോകത്ത് ചെയ്തുവെച്ചിരിക്കുന്ന ഒരുപാട് കാരുണ്യങ്ങളെ സംബന്ധിച്ചു ഉത്ബോധിപ്പിക്കുന്നു. പ്രസ്തുത സന്ദർഭത്തിലും പ്രയോഗിച്ചത് റഹ്മാൻ എന്ന അവന്റെ നാമമാകുന്നു.

ഇപ്രകാരം, ലോകത്തുള്ള സകലചരാചരങ്ങൾക്കും കാരുണ്യം ചൊരിയുന്നതിനെക്കുറിച്ച് പറയുമ്പോഴെല്ലാം അല്ലാഹു റഹ്മാനെന്ന അവന്റെ അത്യുൽകൃഷ്ടനാമം പ്രയോഗിക്കുമ്പോൾ, സത്യവിശ്വാസികൾക്ക് മാത്രം ചെയ്ത കാരുണ്യത്തെക്കുറിച്ച് "റഹീം" എന്ന അത്യുദാത്ത നാമമാണ് അവൻ പ്രയോഗിക്കുന്നത്. ഉദാഹരണത്തിന് താഴെ വരുന്ന വചനങ്ങൾ വായിക്കാം.

അധ്യായം: അഹ്സാബ്, 43-ാം വചനം: "അവൻ നിങ്ങളുടെ മേൽ കരുണ ചൊരിയുന്നവനാകുന്നു. അവന്റെ മലക്കുകളും (കരുണ കാണിക്കുന്നു.) അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ വെളിച്ചത്തിലേക്ക് ആനയിക്കുന്നതിന് വേണ്ടിയത്രെ അത്. അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു"

അധ്യായം: തൗബ, 117-ാം വചനം: "തീർച്ചയായും പ്രവാചകന്റെയും, ഞെരുക്കത്തിന്റെ ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടെയും അൻസാറുകളുടെയും നേരെ അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു-അവരിൽ നിന്ന് ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനു ശേഷം. എന്നിട്ട് അല്ലാഹു അവരുടെ നേരെ കനിഞ്ഞു മടങ്ങി. തീർച്ചയായും അവൻ അവരോട് ഏറെ കൃപയുള്ളവനും കരുണാനിധിയുമാകുന്നു. (തൗബ: 117)

മുകളിൽ വന്ന വചനങ്ങളിലെല്ലാം അല്ലാഹു റഹീം (الرَّحِيم) എന്നതിനെ സത്യവിശ്വാസികൾക്ക് അനുഗ്രഹം ചെയ്യുന്നതിനെക്കുറിച്ച് പറയുന്നതാണ്. സത്യവിശ്വാസികൾക്ക് വേണ്ടി മലക്കുകൾ പ്രാർഥിക്കുന്നതും ഈ ലോകത്ത് വെച്ച് സത്യവിശ്വാസികളുടെ പാപം പൊറുക്കപ്പെടുന്നതുമെല്ലാം അല്ലാഹുവിന്റെ മഹത്തായ കാരുണ്യമാണ് ഇത് സത്യവിശ്വാസികൾക്ക് മാത്രമേ ലഭിക്കൂകയുള്ളു.

**(ബൈബിൾ എന്നെ........ പേജ് 39 ൽ നിന്ന് തുടർച്ച)**

നീട്ടി നമുക്കുവേണമെങ്കിൽ യേശു മൂന്നു പകലുകൾ ഭൂമിയിൽ കഴിഞ്ഞു എന്ന് പറയാമെങ്കിലും ഞാൻ പറയട്ടെ, യാതൊരു നിലക്കും, അതെ യാതൊരു നിലക്കും യേശു മൂന്ന് രാത്രികൾ ഭൂമിൽ ചെലവഴിച്ചു എന്ന് പറയാനാകില്ല. മഗ്ദലനമറിയം യേശുവിന്റെ ശവക്കല്ലറ സന്ദർശിക്കുന്നത് ഞായറാഴ്ച 'സൂര്യോദയത്തിന്' മുൻപാണെന്നും അപ്പോഴാണ് അത് ശൂന്യമായി കണ്ടെതെന്നുമുള്ള കാര്യം എല്ലാ സുവിശേഷകരും ഖണ്ഡിതമായി പറയുന്ന കാര്യമാണെന്ന് ഇവിടെ നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

സന്ദർഭവശാൽ യേശു തന്റെ പ്രവചനം നിറവേറ്റുന്നതിൽ ചില അനൗചിത്യവും വൈരുധ്യവുമെല്ലാം കാണുന്നുമുണ്ട്. അഥവാ, അദ്ദേഹം ക്രൂശിക്കപ്പെട്ടുവെങ്കിൽ അത് സംഭവിച്ചതായി പറയപ്പെടുന്ന ദിവസം(ദുഖവെള്ളി) തെറ്റാണ്. യോന തിമിംഗലത്തിന്റെ വയറ്റിൽ ജീവനോടെയാണ് ഇരുന്നത് എന്ന വസ്തുത എടുത്തു പറയേണ്ട മറ്റൊരു ശ്രദ്ധേയമായ കാര്യമാണ്. ക്രിസ്ത്യാനികൾ പറയുന്നത് യേശു ഭൂമിയുടെ ഉദരത്തിൽ/ശവക്കല്ലറയിൽ മരിച്ചു കിടന്നു എന്നാണ്. അത് യേശുവിന്റെ പ്രവചനത്തിന് എതിരായ വർത്തമാനമാണ്. ലൂക്കോസ് 11:30ൽ യേശു പറഞ്ഞത്: 'ജോന നീനെവേക്കാർക്ക് അടയാളമായത് പോലെ മനുഷ്യപുത്രൻ ഈ തലമുറക്കും ആകും' എന്നായിരുന്നു. ജോന ജീവിച്ചിരുന്നു എങ്കിൽ യേശുവും അപ്രകാരം തന്നെ ആയിരുന്നു.

പറയപ്പെടുന്ന ക്രൂശീകരണത്തിന് മുൻപായി യേശു ദൈവത്തോട് സഹായത്തിനായി പ്രാർഥിച്ച വിഷയം ഏറെ പ്രശ്നകരമായ ഒന്നാണ്. ലൂക്കോസ് 2:42 'പിതാവേ നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്ന് പ്രാർഥിച്ചു'

ലൂക്കോസ് 22:43, എബ്രായർ 5:7 എന്നീ വചനങ്ങൾപ്രകാരം യേശുവിന്റെ കുരിശിൽ മരിക്കാതിരിക്കുവാനുള്ള പ്രർഥന ദൈവം സ്വീകരിച്ചു എന്നു കാണാം. കുരിശിൽ നിന്നും മരണപ്പെടാതിരിക്കുവാൻ അടക്കമുള്ള യേശുവിന്റെ എല്ലാ പ്രാർഥനകളും ദൈവം അംഗീകരിച്ചു എങ്കിൽ അദ്ദേഹം എങ്ങനെയാണ് കുരിശിൽ മരിച്ചു എന്ന് പറയുക?

മത്തായി 27:46ൽ യേശു കുരിശിൽ കിടന്ന് പറയുന്നത്: "ഏലി ഏലി ലമ്മാ ശബക്താനീ" എന്ന് നിലവിളിച്ചു. എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത് എന്നർത്ഥം.

യേശു ഈ വാക്കുകൾ പറഞ്ഞുവെങ്കിൽ അത് എല്ലാ ദൈവിക കൽപനകൾ പ്രകാരവും തികഞ്ഞ അവിശ്വാസം പ്രകടിപ്പിക്കലാണ്. ദൈവത്തിൽ വിശ്വാസമില്ലാത്ത ഒരാളിൽ നിന്ന് മാത്രമേ ഈ അധിക്ഷേപത്തിന്റെ വാക്കുകൾ ഉയരുകയുള്ളൂ. മാത്രമല്ല ഈ വാക്കുകൾ ഒരു പ്രവാചകന്റെ ചുണ്ടുകളിൽ നിന്നും വന്നുവെന്നത് തികച്ചും അവിശ്വസനീയവുമാണ്. കാരണം, ദൈവം ഒരിക്കലും അവന്റെ വാഗ്ദാനം ലംഘിക്കുന്നവനല്ല മാത്രമല്ല; അവന്റെ പ്രവാചകർ ഒരിക്കലും അവന്റെ വാഗ്ദാനത്തെ ചൊല്ലി പരാതിപറയുന്നവരുമല്ല. വിശിഷ്യ പ്രവാചക ദൗത്യം എന്ത് എന്നത് അറിയപ്പെട്ട കാര്യമായിരിക്കെ. അപ്പോൾ ഈ വാക്കുകൾ ഒരു പ്രവാചകൻ പറഞ്ഞു എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അയാൾ ഒരു അവിശ്വാസിയാണെന്ന് പറയാവുന്നതാണ്.

മുസ്‌ലിംകൾ വിശ്വസിക്കുന്നു - ഖുർആൻ പറഞ്ഞതു പോലെ- യേശു കുരിശിലേറ്റപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ശത്രുക്കളുടെ താത്പര്യമായിരുന്നു അത്. പക്ഷേ അല്ലാഹു അവരുടെ ആസൂത്രണങ്ങളിൽ നിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തി. ഖുർആൻ 4:157 കാണുക.